## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7803. 15.07.2014 ൽ മറുപടിയ്ക്ക്.

### സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി ദൈർഘ്യം

| ചോദ്യം<br>ശ്രീ.എളമരം കരീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സ്റ്റേജ് കാര്യേജ് ബസ്സുകളുടെ കാലാവധി 15 വർഷത്തിൽനിന്നും 20 വർഷമായി വർദ്ധിപ്പിക്കുന്നകാര്യം പരിഗണന യിലുണ്ടോ ; | (എ) | ഇക്കാര്യം സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പരിശോധിച്ചുവരുന്നു. |
| (ബി) | ബസ്സുകളുടെ കാലാവധി 15 വർഷമാക്കി നിജപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; | (ബി) | 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 72(2) പ്രകാരം പൊതുസുരക്ഷ, റോഡ് സുരക്ഷ, പരിസ്ഥിതി മലിനീകരണം, വാഹന സുരക്ഷ, അപകട നിയന്ത്രണം എന്നിവ ലക്ഷ്യമാക്കി പഴയ വാഹനങ്ങൾ കാലപ്പഴക്കം കാരണം റോഡിൽ ഇറക്കാൻ യോഗ്യമായവ അല്ല എന്ന കണ്ടെത്തലിന്റേയും അത്തരം വാഹനങ്ങൾ കൂടുതൽ അപകടങ്ങളും, പരിസ്ഥിതി മലിനീകരണവും ഉണ്ടാക്കുന്നു എന്നതിന്റേയും അടിസ്ഥാനത്തിലും പുതിയ വാഹനങ്ങൾ സാങ്കേതികമായി കൂടുതൽ വിശ്വസനീയവും മേന്മയുള്ളതുമാണെന്ന് മനസ്സിലാക്കിയതിന്റേയും അടിസ്ഥാനത്തിലാണ് 20/03/2001 ൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി പഴയ വാഹനങ്ങളുടെ പ്രായപരിധി 15 വർഷമായി നിജപ്പെടുത്തി തീരുമാനം എടുത്തത്. |
| (സി) | ഇപ്പോൾ ബസ്സുകളുടെ കാലാവധി കൂട്ടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) | കാലാവധി കൂട്ടാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.